# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 399 – 03/03/2020 - ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം

ചോദ്യം

ഉത്തരം

ശ്രീ.കെ. ദാസൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന് ലഭിക്കേണ്ട ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതമാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ള തെന്ന് കഴിഞ്ഞ നാല് വർഷത്തെ താരതമ്യപ്പെടുത്തി പട്ടിക രൂപത്തിൽ വിശദമാക്കാമോ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.<br>ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം, മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.<br>**കോർ ഓഫ് ദ കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.<br>**കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. |
| (ബി) | കേന്ദ്രസർക്കാർ നൽകി വരുന്ന വിവിധ ഗ്രാന്റിനങ്ങളിലുണ്ടായ കുറവ് കഴിഞ്ഞ നാല് വർഷത്തെ താരതമ്യപ്പെടുത്തി പട്ടിക രൂപത്തിൽ വിശദമാക്കാമോ? | |

**<u>ഓപ്ഷണൽ ഗണം:</u>** ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം, കേന്ദ്രസർക്കാരിൽ നിന്ന് വിവിധ ഗ്രാന്റിനങ്ങളിലായി കഴിഞ്ഞ നാല് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---:|
| 2015-16 | 8921.35 |
| 2016-17 | 8510.35 |
| 2017-18 | 8527.84 |
| 2018-19 | 11388.96 |

**സെക്ഷൻ ഓഫീസർ**